# JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

HEAD QUARTERS - X/02, PATRIARCH IGNATIUS ZAKKA I I WAS CENTRE

PUTHENCRUZ, KERALA, INDIA -682 308

PHONE : 0484 - 2732804, FAX : 0484-2732804

Date : ..........................................

സഭയെ തളർത്താമെന്നോ തകർക്കാമെന്നോ ആരും കരുതണ്ട എന്നും ശ്രേഷ്ഠ ബാവ പറഞ്ഞു. പരി.പാത്രിയർക്കീസ് ബാവാ പരമമേലദ്ധ്യക്ഷനായുള്ള സത്യ സുറിയാനി സഭയിലേക്ക് മടങ്ങി വരുന്നവരെ സഭാ ചട്ടങ്ങൾക്ക് വിധേയമായി സ്വീകരിക്കുവാൻ യക്കോബായ സുറിയാനി സഭ എന്നും സന്നദ്ധമാണ് എന്ന് ശ്രേഷ്ഠ ബാവ വ്യക്തമാക്കി.

ഇരുസഭകളായി സമാധാനത്തോടെ മുന്നോട്ടുപോകുവാനുള്ള സാഹചര്യമാണ് ഉണ്ടാകേണ്ടത്. വ്യവഹാരങ്ങൾ അവസാനിപ്പിച്ചും, ജനഹിതം മാനിച്ചും തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്താനായി സാധിക്കണം. കോടതികളിൽ നിലനിൽക്കുന്ന കേസ്സുകളിൽ 99 ശതമാനം നൽകിയിട്ടുള്ളത് മറുവിഭാഗമാണ്. വ്യവഹാരങ്ങൾ ക്രിസ്തീയ നീതിയിക്ക് നിരക്കുന്നതല്ല. ജനഹിതം മാനിക്കപ്പെടുമ്പോൾതന്നെ ന്യൂനപക്ഷത്തെ സംരക്ഷിക്കുവാനുള്ള ക്രമീകരണങ്ങളുണ്ടാകണം. കോടതിയുടെ നിർദ്ദേശങ്ങളെ ആദരിച്ച് വ്യവഹാരങ്ങളും തർക്കങ്ങളും അവസാനിപ്പിച്ച് ഇരുസഭകളാണ് എന്ന യാഥാർത്ഥ്യം ഉൾകൊണ്ടുകൊണ്ട് മറുവിഭാഗം മുൻവിധികളില്ലാതെ ചർച്ചകൾക്ക് തയ്യാറാവുകയാണ് വേണ്ടത്.

സമാധാനത്തിന്റെയും സ്നേഹത്തിന്റെയും പാതയിൽ സഹോദര സഭകളാണെന്ന നിലയിൽ സമൂഹത്തിൽ ക്രൈസ്തവ ദർശനത്തോടെ പ്രവർത്തിക്കുവാൻ സാധിക്കണം. ശ്രേഷ്ഠ ബാവ പറഞ്ഞു.

പുത്തൻകുരിശ്.
പാത്രിയർക്കാസെന്റർ
24/09/2013

ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത
മീഡിയാ സെൽ ചെയർമാൻ